# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 499 — 29.06.2011-ൽ മറുപടിക്കുണ്ടായിരുന്നത്

## പി.ജി. കോഴ്സുകൾക്ക് എൻ.ഒ.സി.

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

(എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾക്ക് എൻ.ഒ.സി. നൽകുമ്പോൾ മാനേജ്മെന്റുകൾ സർക്കാരിന് രേഖാമൂലം തന്നിട്ടുള്ള ഉറപ്പ് എന്തായിരുന്നു ;

(ബി) ഇത് ലംഘിച്ചാൽ എന്ത് നടപടിയെടുക്കാനാണ് കരാർ വ്യവസ്ഥയിൽ ഉള്ളത് ;

(സി) ഇത്തവണ പി.ജി. പ്രവേശനത്തിൽ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾ എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) എങ്കിൽ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

**ഉത്തരം**

ശ്രീ. അടൂർപ്രകാശ്
(ആരോഗ്യവും കയറും വകുപ്പും മന്ത്രി)

(എ), (ബി), (സി) & (ഡി)

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾക്ക് എൻ.ഒ.സി. നൽകുമ്പോൾ, പ്രസ്തുത കോഴ്സിൽ അനുവദിച്ചിട്ടുള്ള സീറ്റുകളിൽ 50% സർക്കാർ മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നടത്തണമെന്ന് വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ ലംഘിച്ച് സ്വാശ്രയ കോളേജുകളിൽ നടത്തിയ പ്രവേശനങ്ങൾ റദ്ദുചെയ്യുകയും ഈ സീറ്റുകളിലേക്ക് സർക്കാർ മെരിറ്റിലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ